ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

TIME: 12.30 PM DATE : 27.04.2026

## പ്രധാനവാർത്ത

1. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ടത്തിലേക്കുള്ള പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും ; കർശന സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സിക്കിം-ഉത്തർപ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കം.

3. സംസ്ഥാനത്ത് കനത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉഷ്ണതരംഗ സമാന സാഹചര്യമായതിനാൽ അതീവ ജാഗ്രത പുലർത്തണമെന്ന് ദുരന്തനിവാരണ അതോറിറ്റി.

4. തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിൽ ഒരാൾകൂടി മരിച്ചതോടെ മരണസംഖ്യ 17 ആയി.

5. ശക്തന്റെ തട്ടകത്തിൽ ഇന്ന് പൂരം കൊടിയിറങ്ങും ; ഭഗവതിമാർ ഉപചാരം ചൊല്ലിപ്പിരിയുന്നതോടെ ഇത്തവണത്തെ തൃശൂർ പൂരത്തിന് സമാപനം.

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് - റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

********************************

RNU TVPM

## പശ്ചിമബംഗാൾ തിരഞ്ഞെടുപ്പ്

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട വോട്ടെടുപ്പിനായി പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് തടസ്സപ്പെടുത്താനോ വോട്ടർമാരെ സ്വാധീനിക്കാനോ ഉള്ള ഏതൊരു ശ്രമത്തെയും കർശനമായി നേരിടുമെന്ന് കമ്മീഷൻ വ്യക്തമാക്കി. ഈ മാസം 29 ന് 142 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടക്കുക. മെയ് 4 നാണ് കേരളം, അസം, പശ്ചിമ ബംഗാൾ, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലെ വോട്ടെണ്ണൽ.

*******************************

## പശ്ചിമബംഗാൾ - പ്രചാരണം

പശ്ചിമ ബംഗാളിൽ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിലേക്കുള്ള പരസ്യ പ്രചാരണം ഇന്ന് വൈകുന്നേരം അവസാനിക്കും. അവസാന മണിക്കൂറുകളിൽ പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ബരക്ക്പൂരിൽ റാലിയിൽ പങ്കെടുത്തു. ബിജെപി നേതാവും കേന്ദ്ര ആഭ്യന്തരമന്ത്രിയുമായ അമിത് ഷാ ബെഹ്‌ലയിൽ റോഡ് ഷോ നടത്തി. തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി സ്വന്തം മണ്ഡലമായ ഭബാനിപൂരിലും തൃണമൂൽ അഖിലേന്ത്യാ ജനറൽ സെക്രട്ടറി അഭിഷേക് ബാനർജി റാണഘട്ട്, ഹൂഗ്ലി, അരാംബാഗ്, മഹേഷ്‌തല എന്നിവിടങ്ങളിലും പ്രചാരണത്തിനെത്തും.

PRUTVPM

*******************************

## ഹിമാചൽപ്രദേശ് - പ്രസിഡന്റ്

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഞ്ച് ദിവസത്തെ ഹിമാചൽ പ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. വേനൽക്കാല വസതിയായ ഷിംലയിലെ രാഷ്ട്രപതി നിവാസിലാകും ശ്രീമതി മുർമു തങ്ങുക. ബുധനാഴ്ച ഷിംല ലോക് ഭവനിൽ ഹിമാചൽ പ്രദേശ് ഗവർണർ ഒരുക്കുന്ന വിരുന്നിൽ രാഷ്ട്രപതി പങ്കെടുക്കും.

********************************

## പ്രധാനമന്ത്രി - സിക്കിം, ഉത്തർപ്രദേശ്

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സിക്കിം സന്ദർശനത്തിന് ഇന്ന് തുടക്കം. ഇന്ന് ഗാങ്ടോക്കിലെത്തുന്ന പ്രധാനമന്ത്രി സിക്കിമിന്റെ 50-ാം സംസ്ഥാന രൂപീകരണ സമാപന ചടങ്ങിലും വിവിധ വികസന പരിപാടികളിലും പങ്കെടുക്കും. സിക്കിം സന്ദർശനം പൂർത്തിയാക്കി അദ്ദേഹം നാളെ ഉത്തർപ്രദേശിൽ എത്തും.

********************************

## സംസ്ഥാനം - ചൂട് (ഇൻട്രോ)

സംസ്ഥാനത്ത് കനത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഇടുക്കി , വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അതേസമയം, വരുംദിവസങ്ങളിലും സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു. **വിശദാംശങ്ങളിലേക്ക്**...........

## സംസ്ഥാനം ചൂട് (വോയ്സ്)

സംസ്ഥാനത്ത് ഉഷ്ണതരംഗ സമാന സാഹചര്യം നിലനിൽക്കുന്നതിനാൽ അതീവ ജാഗ്രത പുലർത്തണമെന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. പകൽ 11 മുതൽ 3 വരെ പുറത്തിറങ്ങുന്നതും കൂടുതൽ സമയം വെയിലേൽക്കുന്നതും ഒഴിവാക്കുക. ലോക്ക്ഡൗണിന് സമാനമായ ജാഗ്രത ഈ സമയം ആവശ്യമാണ്. ധാരാളം ശുദ്ധജലം കുടിക്കുക ; വായുസഞ്ചാരം ഉറപ്പാക്കാനും ശരീരം തണുപ്പിക്കാനും ശ്രമിക്കുക. പുറത്തിറങ്ങുന്നവർ നിർബന്ധമായും കുട ഉപയോഗിക്കണം. സൺ ഗ്ലാസുപയോഗിക്കുന്നതും ഉചിതമാണ്. കന്നുകാലികൾക്കും മറ്റ് വളർത്തുമൃഗങ്ങൾക്കും വെള്ളവും തണലും ഉറപ്പാക്കണം. തീപിടുത്ത സാധ്യത കണക്കിലെടുത്ത് ഉത്സവങ്ങളിലും പൊതുപരിപാടികളിലും അതീവ ജാഗ്രത ആവശ്യമാണ്. വെടിക്കെട്ടുകൾ, ആന എഴുന്നള്ളിപ്പ് പോലെയുള്ളവ ഒഴിവാക്കാനും നിർദേശമുണ്ട്. **ന്യൂസ്ഡെസ്ക് ആകാശവാണി**.....

PNU TVPM

*******************************

**നിയമസഭാ ദിനാഘോഷം**

നിയമസഭാ ദിനമായ ഇന്ന് സ്പീക്കർ എ. എൻ. ഷംസീർ നിയമസഭാ സമുച്ചയത്തിൽ വാച്ച് ആൻഡ് വാർഡിന്റെ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ചു. തുടർന്ന് മഹാരഥന്മാരുടെ പ്രതിമകളിൽ പുഷ്പാർച്ചന നടത്തി. ദിനാഘോഷങ്ങളുടെ ഭാഗമായി മെയ് 3 വരെ പൊതുജനങ്ങൾക്ക് നിയമസഭാ മന്ദിരവും മ്യൂസിയവും സന്ദർശിക്കാം. രാവിലെ 10.30 മുതൽ രാത്രി 8.00 വരെയും, പൊതു അവധി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2.00 മുതൽ രാത്രി 8.00 വരെയും പ്രവേശനമുണ്ടാകും.

*******************************

**ഗൃഹപ്രവേശന ചടങ്ങ്- വയനാട്**

വയനാട് ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവർക്കായി മുസ്ലിം ലീഗ് നിർമ്മിച്ച വീടുകളിലെ ഗൃഹപ്രവേശന ചടങ്ങ് ഇന്ന് നടന്നു. ആദ്യഘട്ടത്തിൽ 1,060 ചതുരശ്രയടി വിസ്തീർണ്ണമുള്ള 51 വീടുകളാണ് പൂർത്തിയാക്കിയത്. ഇതോടനുബന്ധിച്ച് വൈകിട്ട് നടക്കുന്ന പരിപാടിയിൽ മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ സാദിഖ് അലി ശിഹാബ് തങ്ങൾ അടക്കമുള്ള നേതാക്കൾ പങ്കെടുക്കും.

RNUTVPM

*******************************

**വെടിക്കെട്ടപകടം**

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിൽ ഒരാൾകൂടി മരിച്ചു. പരിക്കേറ്റ് ചികിത്സയിലായിരുന്ന കുണ്ടന്നൂർ സ്വദേശി രാഗേഷ് ആണ് മരിച്ചത്. ഇതോടെ മരിച്ചവരുടെ എണ്ണം 17 ആയി.

*******************************

**തൃശ്ശൂർ പൂരം (ഇൻട്രോ)**

വിശ്വപ്രസിദ്ധമായ തൃശൂർ പൂരത്തിന് ഇന്ന് സമാപനം. തിരുവമ്പാടി പാറമേക്കാവ് ഭഗവതിമാർ ഉപചാരം ചൊല്ലിപ്പിരിയുന്നതോടെ ഈ വർഷത്തെ പൂരച്ചടങ്ങുകൾക്ക് പരിസമാപ്തിയാകും. **വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്** .......

********************************

## പാമ്പ് - ജാഗ്രതാ നിർദ്ദേശം

സംസ്ഥാനത്ത് ഇന്നും വിവിധ ഇടങ്ങളിൽ പാമ്പു കടിയേറ്റുള്ള അപകടങ്ങൾ റിപ്പോർട്ട് ചെയ്തു. ജനവാസ മേഖലകളിൽ പാമ്പ് കടിയേറ്റുള്ള മരണങ്ങൾ ഒഴിവാക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് ജാഗ്രത തുടരുന്നു. കനിവ് 108 ലൂടെ പ്രഥമ ശുശ്രൂഷയും വിദഗ്ധ ചികിത്സയും ആരോഗ്യ വകുപ്പ് ലഭ്യമാക്കുന്നുണ്ട്.

RNU TVPM

********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

********************************

## ഇന്ത്യ - ന്യൂസിലാൻഡ്

ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവെക്കുന്നതുമായി ബന്ധപ്പെട്ട യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ, ന്യൂസിലാൻഡ് വ്യവസായ മന്ത്രി എന്നിവർ സന്നിഹിതരാണ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം അഞ്ച് ബില്യൺ ഡോളറായി ഇരട്ടിയാകുകയാണ് ലക്ഷ്യമിടുന്നത്.

********************************

## റേഷൻ തട്ടിപ്പ്

ഇടുക്കി ഇടമലക്കുടിയിലെ റേഷൻ തട്ടിപ്പിൽ ദേവികുളം ഗിരിജൻ സർവീസ് സൊസൈറ്റിക്കെതിരെ നടപടി ഉണ്ടാകുമെന്ന് ഇടുക്കി ജില്ലാ കളക്ടർ ദിനേശൻ ചെറുവാട്ട്. ആവശ്യമെങ്കിൽ ഭരണസമിതി പിരിച്ചുവിടും. 65,000 കിലോ റേഷൻ അരി കാണാതായ സംഭവം അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചു.

*******************************

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് - റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 7.30 ന് ഡൽഹിയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരങ്ങളിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെതിരെ - കൊൽക്കത്ത നൈറ്റ് റൈഡേഴ്സും , ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ -ഗുജറാത്ത് ടൈറ്റൻസും വിജയിച്ചു.

*******************************

## മാരത്തൺ - സബാസ്റ്റിയൻ സാവെ

രണ്ട് മണിക്കൂറിൽ താഴെ ദൈർഘ്യത്തിൽ മാരത്തൺ ഓട്ട മത്സരം പൂർത്തിയാക്കുന്ന ആദ്യ അത്ലറ്റായി കെനിയൻ താരം സബാസ്റ്റിയൻ സാവെ. 2023 ൽ കെൽവിൻ കിപ്റ്റം സ്വന്തമാക്കിയ രണ്ട് മണിക്കൂർ മുപ്പത്തിയഞ്ച് സെക്കൻഡ് എന്ന മുൻ റെക്കോർഡാണ് സാവെ തിരുത്തിയത്. 31 കാരനായ സബാസ്റ്റിയൻ സാവെ ഒരു മണിക്കൂർ 59 മിനിറ്റ് 30 സെക്കൻഡിലാണ് ചരിത്ര നേട്ടം സ്വന്തമാക്കിയത്.

*******************************

## വൈദ്യുത തൂക്കുവേലി-കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്തായ കേളകത്തിന്റെ വനാതിർത്തിയിൽ വൈദ്യുത തൂക്കുവേലി നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കാട്ടാനശല്യം രൂക്ഷമായ

RNUTVPM

മേഖലകളിലാണ് തൂക്ക് വേലി സ്ഥാപിക്കുന്നത്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ**.

********************************

**ഓഹരി -സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 417 പോയിന്റ് നേട്ടത്തിൽ 77,067 ലും, നിഫ്റ്റി 139 പോയിന്റ് ഉയർന്ന് 24,051 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. പവന് 280 രൂപ ഉയർന്നു **ഒരു ലക്ഷത്തി** 13,240 രൂപയും, ഗ്രാമിന് 14,155 രൂപയുമാണ് ഇന്നത്തെ വില.

********************************

**നോർക്ക റൂട്ട്സ്**

നോർക്ക റൂട്ട്സിന്റെ എറണാകുളം സർട്ടിഫിക്കറ്റ് ഒതന്റിക്കേഷൻ സെന്ററിൽ ഈ മാസം 30 വരെ അറ്റസ്റ്റേഷൻ ഉണ്ടാകില്ലെന്ന് അധികൃതർ അറിയിച്ചു. സാങ്കേതിക കാരണങ്ങളാലാണ് സേവനം താത്കാലികമായി നിർത്തി വച്ചത്.

RNU TVPM

********************************

**ഹജ്ജ്**

കേരളത്തിൽ നിന്നുള്ള ആദ്യ ഹജ് വിമാനം വ്യാഴാഴ്ച കൊച്ചിയിൽ നിന്നും യാത്ര തിരിക്കും. 8,300 ലധികം തീർത്ഥാടകരാണ് 20 സർവ്വീസുകളിലായി കൊച്ചിയിൽ നിന്നും യാത്ര തിരിക്കുന്നത്. കണ്ണൂരിൽ നിന്നും മെയ് 6 നാണ് ഹജ്ജ് യാത്ര ആരംഭിക്കുക. കോഴിക്കോട് നിന്നും മെയ് 15 മുതൽ 18 വരെ സർവീസുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഹജ്ജ് കമ്മിറ്റി വൃത്തങ്ങൾ അറിയിച്ചു.

********************************

## ഇന്ത്യൻ അംബാസഡർ-മക്ക

സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസഡർ സുഹൈൽ ഖാൻ മക്ക സന്ദർശിച്ചു . മദീനയിൽ നിന്ന് ട്രെയിൻ മാർഗം മക്കയിലെത്തിയ ഇന്ത്യൻ തീർത്ഥാടകരുടെ ആദ്യ സംഘത്തെ ഖാൻ സ്വീകരിച്ചു. ഇന്ത്യയിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്കുള്ള ക്രമീകരണങ്ങൾ അദ്ദേഹം അവലോകനം ചെയ്തു.

********************************

## ഇരട്ട കൊലപാതകം

ഇടുക്കി നെടുങ്കണ്ടം പച്ചടിയിൽ ഇരട്ട കൊലപാതകമെന്ന് സംശയം. പച്ചടി പൊന്നുട്ടയിൽ മേരിക്കുട്ടി , റെജി എന്നിവരെ ഈ മാസം രണ്ട് മുതൽ കാണാതായിരുന്നു. പോലീസ് നടത്തിയ പരിശോധനയിൽ ശരീരഭാഗങ്ങളും വാഹനങ്ങളും കണ്ടെത്തി. ഫോറൻസിക് സംഘത്തിന്റെ നേതൃത്വത്തിൽ കൂടുതൽ പരിശോധന നടത്തുമെന്ന് പോലീസ് അറിയിച്ചു.

RNU TVPM

********************************

## അപകടം - ഇടുക്കി

തമിഴ്നാട് തേനിയിലുണ്ടായ വാഹനാപകടത്തിൽ ഇടുക്കി നെടുകണ്ടം സ്വദേശി അഭിദേവ് മരിച്ചു. ബൈക്ക് കന്നുകാലിയുടെ ദേഹത്തിടിച്ച് മറിഞ്ഞാണ് അപകടമുണ്ടായത്. ബന്ധുക്കളും സുഹൃത്തുക്കളുമൊത്ത് കൊടൈക്കനാൽ സന്ദർശിച്ച് മടങ്ങി വരവേയാണ് അപകടം.

********************************

## മഹിളാ മുന്നേറ്റ യാത്ര

വനിതാ സംവരണ ബില്ല് അട്ടിമറിച്ചതിനെതിരെ മഹിളാമോർച്ച കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മഹിളാ മുന്നേറ്റ യാത്ര സംഘടിപ്പിക്കും. വൈകുന്നേരം 3.30ന് പ്രഭാത് ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്ന പ്രകടനം സ്റ്റേഡിയം കോർണറിൽ സമാപിക്കും.

*******************************

## കുടുംബശ്രീ- ഒഡീഷ മിഷൻ

കേരളത്തിലെ കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി ഒഡീഷയിലെ മിഷൻ ശക്തി സുബർണപൂർ ജില്ലാ സംഘാംഗങ്ങൾ എറണാകുളം കുടുംബശ്രീ മിഷൻ സന്ദർശിച്ചു. ജില്ലാ മിഷൻ ടീമുമായി സംഘം ആശയവിനിമയം നടത്തി. കൂടിക്കാഴ്ചയിൽ കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങൾ വിശദമായി മനസിലാക്കുകയും അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു.

*****************************************************************
****************

RNU TVPM